**File No.DCKNR/10390/2017-C1**

ഫോറം നമ്പർ 4
/റൂൾ 11(3) കാണുക/
വിജ്ഞാപനം
DCKNR/10390/2017/C1
കലക്ടറേറ്റ്, കണ്ണൂർ
**26/07/2019**

താഴെ പട്ടികയിൽ വിവരിച്ച പ്രകാരമുള്ള ഭൂമി ഒരു പൊതു ആവശ്യത്തിന്, അതായത് പാട്യം ഗ്രാമപഞ്ചായത്തിൽ പാട്യം വില്ലേജിലെ സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള റി .സ. 24/3,25/3 ൽപ്പെട്ട 0.8701 ഹെക്ടർഭൂമി വാഗ്ഭടാനന്ദ സംസ്കാരിക കേന്ദ്രം സ്ഥാപിക്കുന്നതിന് വേണ്ടി ഏറ്റെടുക്കുന്നതിന് ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടാകാനിടയുണ്ടെന്നോ കേരള സർക്കാരിന് ബോധ്യപ്പെട്ടതുകൊണ്ടും,

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനുമുള്ള അവകാശ നിയമം-2013 (കേന്ദ്ര നിയമം 30,2013) ലെ വകുപ്പ് 4(1) പ്രകാരം നിക്ഷിപ്തമായ അധികാരം ഉപയോഗിച്ചുകൊണ്ട് 200 ആറിൽ കവിയാത്ത ഭൂമി പൊതു ആവശ്യത്തിന് ഏറ്റെടുക്കേണ്ട അവസരത്തിൽ സംസ്ഥാന സർക്കാർ അതാതു ജില്ലാ കളക്ടറെ ജി .ഒ.(പി) നം.376/2016/ആർ.ഡി തിയ്യതി 29/06/2016 , എസ് ആർ ഒ നം.468/16 എന്നിവ പ്രകാരം സമുചിത സർക്കാരായി അധികാരപ്പെടുത്തിയിട്ടുള്ളതിനാലും താഴെ പട്ടികയിൽ ചേർത്തിരിക്കുന്ന ഭൂമി സംബന്ധിച്ച് ഒരു സാമൂഹ്യ പ്രത്യഘാത വിലയിരുത്തൽ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ആയതുകൊണ്ട്, ഇപ്പോൾ കണ്ണൂർ ജില്ലയിലെ ബന്ധപ്പെട്ട പ്രദേശത്ത് നിയമാനുസൃതം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും ഒരു സാമൂഹ്യ പ്രത്യാഘാത നിർവഹണ പദ്ധതി തയ്യാറാക്കുന്നതിനും, **വിജിൽ മട്ടന്നൂർ** എന്ന സ്ഥാപനത്തെ ജില്ലാതല സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റ് എന്ന നിലക്ക് അധികാരപ്പെടുത്തിയിരിക്കുന്നു . മേൽ പ്രവൃത്തി 40 ദിവസത്തിനുള്ളിൽ പൂർത്തികരിക്കേണ്ടതും യാതൊരു കാരണവശാലും ആയത് ആറുമാസത്തിൽ കവിയാൻ പാടില്ലാത്തതുമാകുന്നു.

പട്ടിക
(ഏകദേശ വിസ്തീർണ്ണമാണ് നൽകിയിരിക്കുന്നത്)

| ജില്ല : കണ്ണൂർ<br>താലൂക്ക : തലശ്ശേരി | | വില്ലേജ് : പാട്യം<br>ദേശം : പാട്യം | |
|---|---|---|---|
| ക്രമ നമ്പർ | സർവ്വെ നമ്പർ | ഭൂമിയുടെ വിവരണം | വിസ്തീർണ്ണം<br>ഹെക്ടറിൽ |
| 1 | 24/3,25/3 | തോട്ടം | 0.8701 |

**DISTRICT COLLECTOR**

Signature valid

Digitally signed by SUBASH T V
Date: 2019.07.26 15:58:57 IST
Reason: Approved